(ബി) അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എടുക്കേണ്ട നടപടികൾ സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

വഖഫ് ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

166 (6084) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2007-08 വർഷത്തെ സംസ്ഥാന വഖഫ് ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രകടിപ്പിച്ച അഭിപ്രായം വ്യക്തമാക്കുമോ ;

(സി) ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വഖഫ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് ഭരണപരവും സാമ്പത്തികപരവുമായ വ്യാപകമായ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(സി) 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വഖഫ് ബോർഡ് ഓഫീസിൽ കാഷ് ബുക്ക് നിലവിലില്ലെന്നും, ജീവനക്കാർ കേന്ദ്ര സർവ്വീസിലേയും സംസ്ഥാന സർവ്വീസിലേയും സേവന വ്യവസ്ഥകൾ അനുസരിച്ചുള്ള ശമ്പളവും അലവൻസുകളും വാങ്ങുന്നുണ്ടെന്നും, ലോൺ സ്കോളർഷിപ്പുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ തിരിച്ചടവ് ഉറപ്പ് വരുത്തുകയോ ചെയ്യുന്നില്ലെന്നും, സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം ശ്രീ. മുഹമ്മദുണ്ണിക്ക് നൽകിയിരുന്ന പെൻഷൻ അദ്ദേഹത്തിന്റെ മരണ ശേഷം മകൻ വാങ്ങിയെന്നും, 2003-ലെ വഖഫ് ബോർഡ് റഗുലേഷൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ശ്രീ. C. E. ഇസ്മയിൽ എന്നയാൾക്ക് ബോർഡിൽ സ്ഥിര നിയമനം നൽകിയെന്നും, ബോർഡിൽ 2002-03 ന് ശേഷം ഡി.സി.ബി. സ്റ്റേറ്റ്മെന്റ് നിലവിലുണ്ടായിരുന്നില്ല എന്നും, 2007 മുതൽ ബോർഡിന്റെ വരവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ ബാങ്കിൽ ക്രമമായി അടച്ച് ബാങ്ക് കണക്കുമായി ഒത്തുനോക്കുകയോ ചെയ്യാറില്ലെന്നും, ബോർഡിൽ ഇന്റേർണൽ ഓഡിറ്റ് വിങ്ങ് പ്രവർത്തിക്കുന്നില്ല എന്നും മറ്റുമാണ് പ്രധാനമായും പരാമർശിച്ചിട്ടുള്ളത്.

വഖഫ് ബോർഡിൽ നടപ്പിലാക്കുന്ന അലവൻസ്-ലീവ് വ്യവസ്ഥകൾ

167 (6085) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് സംസ്ഥാന സർക്കാരിൽ നിന്ന് ഭരണപരമായ ചെലവുകൾക്ക് സഹായം കൈപ്പറ്റുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വഖഫ് ബോർഡിൽ ബഹുമുഖ രീതിയിലുള്ള വേതന അലവൻസ്-ലീവ് വ്യവസ്ഥകൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വഖഫ് ബോർഡിൽ നടപ്പിലാക്കുന്ന ബഹുമുഖ വേതന അലവൻസ്-ലീവ്വ്യവസ്ഥകൾ സർക്കാരിന്റെ അറിവോടെയാണോ അനുവദിക്കുന്നത് ;

(ഡി) അല്ലെങ്കിൽ ക്രമരഹിതമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയ ഈ രീതി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 50 ലക്ഷം രൂപ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി സംസ്ഥാന സർക്കാരിൽ നിന്നും വഖഫ് ബോർഡിന് ലഭിക്കുന്നുണ്ട്. ആയത് 2010-11 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 55 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അല്ല.

(ഡി & ഇ) ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളെ തുടർന്ന് 2003-ലെ വഖഫ് ബോർഡ് റഗുലേഷൻ സർക്കാർ 5-4-2010-ാം തീയതിയിലെ G.O.(Rt)No.1566/10/RD നമ്പർ പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് വഖഫിന്റെ ദൈനംദിന ഭരണത്തെ ബാധിക്കാതിരിക്കുന്നതിനായി ബോർഡ് ഓഫീസ് പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ, വിവിധ വഖഫുകളുടെ അവലോകനം തുടങ്ങിയവ പഴയതുപോലെ നിർവ്വഹിക്കാമെന്നും എന്നാൽ വഖഫ് ബോർഡിന്റെ 2007-08-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലും തുടർന്ന് ധനകാര്യവകുപ്പും അനർഹമെന്ന് വ്യക്തമാക്കിയതും ജീവനക്കാർക്ക് നൽകിവരുന്നതുമായ ആനുകൂല്യങ്ങൾ തുടരേണ്ടതില്ല എന്ന് സർക്കാർ 17-5-2010-ലെ G.O.(Rt)2377/10/RD.നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിരുന്നു. എന്നാൽ തുടർന്നുണ്ടായ ഹൈക്കോടതിയുടെ താല്ക്കാലിക വിധിയിലൂടെ മേൽ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

ഫിഷിംഗ് ഹാർബറുകൾ

168 (6086) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഫിഷിംഗ് ഹാർബറുകൾ നിർമ്മിച്ചിട്ടുണ്ട് ; ഏതു വർഷങ്ങളിലാണ് ഇവ നിർമ്മിച്ചത് ; ഓരോ ഹാർബറിനും ഉണ്ടായ നിർമ്മാണ ചെലവ് എത്രയാണ് ;

(ബി) നിർമ്മാണം പൂർത്തിയാകാത്ത എത്ര ഫിഷിംഗ് ഹാർബറുകൾ ഉണ്ട് ; അവ എവിടെയൊക്കെയാണ് ; ഓരോന്നിനും ഇതുവരെ എന്തു തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly